"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ആസ്ഥാന കാര്യാലയം ക്ളാർക്ക് ശ്രീമതി.ആയിഷ.കെ യ്ക്ക് കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.584/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.

2 ശ്രീമതി.ആയിഷ.കെ യുടെ 17.02.2020 ലെ അപേക്ഷ.

3 മൈനിംഗ് ആൻഡ് ജിയോളജി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30.07.2019 ലെ 268/19-20/1063/ഇ1/19 നമ്പർ കത്ത്

4 മൈനിംഗ് ആൻഡ് ജിയോളജി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13.05.2020 ലെ 2018/E2/20 നമ്പർ കത്ത്

5 പഞ്ചായത്ത് ഡയറക്ടറുടെ 04.02.2021 ലെ ഇ6-7205/20 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 25.02.2019 മുതൽ ജോലി നോക്കി വരുന്ന ക്ളാർക്ക് ശ്രീമതി.ആയിഷ.കെ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ടിയാരി സമർപ്പിച്ച അപേക്ഷ പരാമർ ശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 3(viii) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥയുടെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. ശ്രീമതി.ആയിഷ.കെ യുടെ ക്ലാർക്ക് തസ്തികയിലെ സേവനം പരാമർശം(3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാരിയെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് ഒഴിവുകൾ നിലവിലില്ല എന്ന് പരാമർ ശം (4) പ്രകാരം മൈനിംഗ് ആൻഡ് ജിയോളജി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ആയിഷ.കെ യ്ക്ക് കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി.ആയിഷ.കെ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീമതി.ആയിഷ.കെ, ക്ലാർക്ക്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം.
(മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്. ഡയറക്ടർ,
ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(33/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ